# അനുകല്പനത്തിലെ പ്രശ്നങ്ങളും സാധ്യതകളും: "കെ.ടി.എൻ. കോട്ടൂർ എഴുത്തും ജീവിതവും", "ഞാൻ" എന്നീ രചനകളെ മുൻനിർത്തിയുള്ള പഠനം

**വിഷ്ണു പി എസ്**
ഗവേഷകൻ
കേരള കേന്ദ്രസർവ്വകലാശാല
vishnudasnileshwar@gmail.com

**Article Link: https://aksharasurya.com/2023/06/vishnu-p-s-2/**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യനെ ഏറ്റവും കൂടുതൽ സ്വാധീനിച്ച മാധ്യമങ്ങളിൽ ഒന്നാണ് സിനിമ.ഓരോ സിനിമയ്ക്കും അടിസ്ഥാനമായി വർത്തിക്കുന്നത് കഥകളാണ്.മലയാളസാഹിത്യത്തിൽ ഉടലെടുത്ത നിരവധി നാടകങ്ങൾ, ചെറുകഥകൾ, കവിതകൾ, നോവലുകൾ തുടങ്ങിയവ സിനിമയായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അനുവാചകരുടെ മനസ്സിനെ സ്വാധീനിച്ച സാഹിത്യരൂപങ്ങളെ സിനിമയാക്കുമ്പോൾ വലിയൊരു വെല്ലുവിളിയാണ് സംവിധായകൻ ഏറ്റെടുക്കേ-തായിട്ടുള്ളത്. സിനിമ എന്ന ജനകീയ മാധ്യമത്തിന് അനുസൃതമായി കഥാഘടനയിലും കഥാപാത്രചിത്രീകരണത്തിലുമൊക്കെ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാനും സംവിധായകന്റേതായ സംഭാവനകൾ ഉൾക്കൊള്ളിക്കുവാനും സിനിമയുടെ അണിയറ പ്രവർത്തകർ ശ്രമിക്കാറുണ്ട്.

2018ൽ രഞ്ജിത്ത് സംവിധാനം ചെയ്ത സിനിമയാണ് "ഞാൻ".മലയാളത്തിലെമുൻനിര എഴുത്തുകാരിൽ പ്രധാനിയായിരുന്ന ടി.പി. രാജീവന്റെ 'കെ.ടി.എൻ.കോട്ടൂർ എഴുത്തും ജീവിതവും' എന്ന നോവലാണ് 'ഞാനി'ലെ പ്രതിപാദ്യ വിഷയം.

ശാസ്ത്രപഠനശാഖയായിട്ടാണ് ആദ്യകാലഘട്ടങ്ങളിൽ താരതമ്യപഠനം വികസിച്ചു വന്നത്. ഗവേഷകന് തന്റെ പരീക്ഷണ പരിശോധനകളിൽ നിന്ന് പഠനങ്ങളിലേക്കും സിദ്ധാന്തങ്ങളിലേക്കുമുള്ള പരിണാമം രൂപപ്പെടുത്താൻ അതിന്റെ പ്രാരംഭഘട്ടമായി താരതമ്യപഠനത്തെ ഉപയോഗിച്ചു. പിന്നീടത് സാഹിത്യശാഖയായി വ്യാപിപ്പിച്ചു. രണ്ട് പുസ്തകങ്ങൾ തമ്മിലോ ഒരു ജനതയുടെ

സംസ്കാരവും സാഹിത്യവും തമ്മിലോ വ്യക്തിയും സിനിമയും തമ്മിലോ സാഹിത്യവും സിനിമയും തമ്മിലോ താരതമ്യപഠനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ആയതിനാൽ താരതമ്യപഠനം അന്യോന്യം മൂല്യങ്ങൾ കൈമാറുന്ന അനുശാസകമാണ്.

## രാഷ്ട്രീയം നോവലിലും സിനിമയിലും

മാജിക്കൽ ഹിസ്റ്ററി വിഭാഗത്തിൽപ്പെടുന്ന 'കെ.ടി. എൻകോട്ടൂർ എഴുത്തും ജീവിതവും' എന്ന നോവൽ ഒരു ചരിത്രാഖ്യായികയല്ല, പൂർണ്ണമായും ഫിക്ഷനാണ്. ചില ചരിത്രസംഭവങ്ങളും സന്ദർഭങ്ങളും നോവലിൽ ഉണ്ടെങ്കിലും സമയത്തിനും തീയതിക്കും വലിയ സ്ഥാനമില്ല. രാഷ്ട്രീയം എന്ന വിഷയം വളരെ നല്ല രീതിയിൽ കൈകാര്യം ചെയ്തത് കൊണ്ടാകാം വായനക്കാർക്ക് അയഥാർത്ഥ്യങ്ങൾ യാഥാർത്ഥ്യമായി അനുഭവപ്പെടുന്നത്.കോട്ടൂരിനും മറ്റു കഥാപാത്രങ്ങൾക്കും ഉള്ളതുപോലെ രാഷ്ട്രീയത്തിനും വളരെ വ്യക്തവും ശക്തവുമായ സ്ഥാനമാണ് സിനിമയിലുള്ളത്. ഒരു പക്ഷേ നോവലിന്റെ പശ്ചാത്തലമായി പ്രവർത്തിക്കുന്നത് രാഷ്ട്രീയം തന്നെയെന്ന് പറയാം.

മലബാറിലെ കോട്ടൂർ എന്ന ചെറിയ ഗ്രാമത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മഹാത്മാഗാന്ധിയ്ക്കും ദേശീയ സ്വാതന്ത്ര്യസമരത്തിനും മുദ്രാവാക്യം വിളിച്ച് മരിച്ചുപോയ പിതാവിൽനിന്നും പകർന്നു കിട്ടിയ രാഷ്ട്രീയ ജീവിതമായിരുന്നു കെ.ടി. എൻ. കോട്ടൂരിന്റേത്. തകർന്നു കൊണ്ടിരിക്കുന്ന നായർ തറവാടുകളുടെയും പരിണമിക്കുന്ന പൊതുസമൂഹത്തിന്റെയും പശ്ചാത്തലം കോട്ടൂരിന് ഊറ്റം പകർന്നു. മാതാപിതാക്കൾ മരിച്ചതോടെ അയാൾ കവിയും ബുദ്ധിജീവിയും സംഘാടകനും പ്രഭാഷകനും കാമുകനുമായി ജീവിച്ചു. ദേശീയപ്രസ്ഥാനത്തിൽ രൂപംകൊണ്ട് തുടങ്ങിയ സോഷ്യലിസ്റ്റ് ചേരിയിൽ കൃഷ്ണപ്പിള്ളയ്ക്കും എ.കെ.ജിക്കുമൊപ്പം അംഗമായി. സോഷ്യലിസ്റ്റ് ചേരി കമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപം മാറിയതോടെ ആശയപരമായ അഭിപ്രായഭിന്നതകളും പ്രയോഗപരമായ വഴിമാറ്റങ്ങളും അയാളിൽ നാമ്പെടുക്കുന്നു. വിദ്യാഭ്യാസം അവസാനിപ്പിച്ച് പ്രത്യക്ഷ രാഷ്ട്രീയപ്രവർത്തനങ്ങളോട് വിട പറഞ്ഞ് സുശീല എന്ന പ്രണയിനിയെ ഒഴിവാക്കി വീട്ടിൽ തിരിച്ചെത്തുന്ന കോട്ടൂർ ജോലിക്കാരി ജാനുവിനെ ഗർഭിണിയാക്കി നാടുവിട്ടു. കാലങ്ങൾക്ക് ശേഷം തിരിച്ചെത്തുന്ന

കോട്ടൂർ കുറേനാൾ പാടിക്കുന്നിലെ വള്ളിയ്ക്കൊപ്പം കഴിഞ്ഞു. പിന്നെ തന്നോട് തന്നെ പകപോക്കാനായി അന്ധയായ ലക്ഷ്മിക്കുട്ടിയെ വിവാഹം ചെയ്തു. ഇതിനിടെ ഭാഗം വെക്കലും അവശേഷിച്ച തറവാടിന്റെ ശൈഥില്യവുമൊക്കെ പൂർത്തിയായി. അധികം താമസിയാതെ ഭാര്യയെ ഉപേക്ഷിച്ച് മദിരാശിയിലേക്ക് നാടുവിട്ടു. ഇന്ത്യ സ്വതന്ത്രമായ ദിവസം മറീന കടപ്പുറത്ത് ദേശീയപതാകയെ അഭിവാദ്യം ചെയ്യുന്ന ഫോട്ടോഗ്രാഫിന്റെ രൂപത്തിൽ ചരിത്രത്തിലേക്ക് തിരോഭവിച്ച കോട്ടൂരിൽ സിനിമ അവസാനിക്കുന്നു. സിനിമയുടെ രാഷ്ട്രീയപശ്ചാത്തലം അതീവ ഗൗരവവും പ്രാധാന്യമർഹിക്കുന്നതുമാണ്.

നോവലിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധതയോട് ഇടതുപക്ഷ

നിരൂപകർ അവഗണന കൈക്കൊ-തുപോലെ തികഞ്ഞ ഇടതുപക്ഷക്കാരനായ സംവിധായകൻ കോൺഗ്രസിന്റെ മുന്നേറ്റങ്ങളോട് നീതിരഹിതമായ രീതിയിൽ ഇടപെട്ടു കാണുന്നുണ്ട്. അവിലോത്ത് പള്ളിക്കൂടത്തിൽ നാരായണനേയും നകുലനേയും ചേർക്കാൻ പോയ സംഭവം തന്നെ ഉദാഹരണം. നകുലനെ പള്ളിക്കൂടത്തിൽ ചേർക്കാൻ നാട്ടുപ്രമാണിമാർ തടസ്സം നിന്നപ്പോൾ കുഞ്ഞപ്പൻ നായർ സത്യാഗ്രഹമിരുന്നു. 1924 ജനുവരി 24ന് എറണാകുളത്ത് ചേർന്ന കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റി യോഗത്തിൽ കൈക്കൊണ്ടഅയിത്തവിരുദ്ധ നിലപാടിന്റെയും അയിത്തത്തിനെതിരെയുമുള്ള മലബാറിലെ ആദ്യത്തെ പ്രതികരണമായിരുന്നു കുഞ്ഞപ്പൻ നായർ ഒറ്റയ്ക്ക് ആരംഭിച്ച സത്യാഗ്രഹം. അലബാറിന്റെ പല ഭാഗങ്ങളിൽ നിന്നും അയിത്തവിരുദ്ധ പ്രചാരകർ കാൽനടയായി വന്നു. പങ്കെടുത്ത ആ സത്യാഗ്രഹം വിജയിച്ചതിന്റെ ഭാഗമായി നകുലനും മറ്റു താഴ്ന്ന ജാതിയിൽപ്പെട്ടവർക്കും വിദ്യാലയപ്രവേശനം അനുവദിച്ചു. ഈയൊരു സത്യാഗ്രഹസമരത്തെ സംവിധായകൻ പാടെ വിട്ടു കളഞ്ഞിരിക്കുന്നു.

നാരായണൻ എന്ന വ്യക്തി കെ.ടി.എൻ.കോട്ടൂരായി മാറിയതിൽ പ്രധാന പങ്ക് വഹിക്കുന്നത് 'ഉദയസൂര്യ'നാണ്. കോട്ടൂർ 'എൻ' എന്ന പേരിൽ ഉദയസൂര്യന് അയച്ച 'സാഹിത്യം എന്ത്? എന്തിന്?' എന്ന ലേഖനം ശ്രദ്ധിക്കാം. മലയാളത്തിലെ പുരോഗമന സാഹിത്യ ചിന്തകൾക്ക് തുടക്കും കുറിച്ചു എന്ന് പറയപ്പെടുന്ന

ലേഖനമായിരുന്നു ഇത്. ഒരു പക്ഷേ കമ്മ്യൂണിസ്റ്റ് എന്നറിയപ്പെടാൻ ആഗ്രഹമില്ലാത്ത കോട്ടൂരിന് മന:പൂർവ്വം അത്തരത്തിലൊരു പട്ടം നൽകുവാൻ രഞ്ജിത്ത് ശ്രമിച്ചില്ല എന്ന് നോവൽ വായിച്ച പ്രേക്ഷകന് തോന്നിയേക്കാം.

1943ജൂൺ 15ന് കോഴിക്കോട് നടന്ന പുരോഗമന സാഹിത്യ സമ്മേളനത്തിൽ കോട്ടൂർ പങ്കെടുക്കാത്തതിന്റെ കാരണം പ്രധാനപ്പെട്ടതാണ്. കരുതൽ തടങ്കലിൽ ഉണ്ടായിരുന്ന കോട്ടൂരിനെ കാണാൻ ചെന്നത് നാലുപേരാണ്. ഓർഡിനൻസ് നിലവിലുള്ളതിനാൽ പാർട്ടി പ്രവർത്തകർ ഒളിവിലോ ജയിലിലോ ആയിരിക്കുമെന്നാണ് കോട്ടൂർ കരുതിയത്. പക്ഷേ പുറത്തിറങ്ങിയപ്പോഴാണ് കൃഷ്ണപ്പിള്ള, എ.കെ.ജി, എം.കുമാരൻ മാസ്റ്റർ തുടങ്ങിയ നേതാക്കന്മാർ മാത്രമാണ് ഒളിവിലോ മറ്റോ ആണെന്ന് മനസ്സിലായത്. മറ്റുള്ളവരെല്ലാം നാട്ടിൽ തന്നെ ഉണ്ടായിരുന്നു. അവരിൽ പലരും സ്റ്റഡി ക്ലാസുകൾക്ക് കോട്ടൂരിനെ വിളിച്ചു കൊണ്ടുപോകുമായിരുന്നു. തന്റെ ആ അവസ്ഥയിൽ ആരും കാണാൻ വരാതിരുന്നത് കോട്ടൂരിനെ വിഷമിപ്പിച്ചു. പാർട്ടിയും കോട്ടൂരും തമ്മിലുള്ള അകൽച്ചയ്ക്ക് ഇതുമൊരു കാരണമായി. പുരോഗമന സാഹിത്യസമ്മേളനത്തിൽ കോട്ടൂർ എന്തുകൊണ്ട് പങ്കെടുത്തില്ല എന്ന ചോദ്യത്തിന് വ്യക്തിപരമായ വല്ല അസൗകര്യങ്ങളും കാരണമായിരിക്കാം എന്നാണ് പലരും വിശ്വസിച്ചത്. ജൂൺ 17ന് വന്ന മലബാർ പത്രികയിലെ റിപ്പോർട്ടിന്റെ തലവാചകം തന്നെ കെ.ടി. എൻ. കോട്ടൂർ കമ്മ്യൂണിസ്റ്റ് അനഭിമതൻ എന്നായിരുന്നു. റിപ്പോർട്ടിൽ പറയുന്നു: 'ഈ മാസം 15ന് കോഴിക്കോടിൽ ചേർന്ന പുരോഗമന എഴുത്തുകാരുടെ സമ്മേളനത്തിൽ പാർട്ടി കോട്ടൂരിനെ പങ്കെടുപ്പിച്ചില്ല എന്നു മാത്രമല്ല, സമ്മേളനത്തിൽ നടന്ന ചർച്ചകളിൽ ഉടനീളം എങ്ങനെയാകരുത് പുരോഗമനസാഹിത്യം എന്നതിനു തെളിവായി പ്രഭാഷകർ പലപ്പോഴും ഉദ്ധരിച്ചത് കോട്ടൂരിന്റെ വാക്കുകളായിരുന്നു. കോട്ടൂരിന്റെ കവിതകളും ചിന്തകളും ഇപ്പോഴും ഫ്യൂഡൽ മനോഘടനയിലുള്ളതാണെന്നും പരമ്പരാഗതമായി അനുഭവിച്ചു വന്ന സൗഭാഗ്യങ്ങൾ നഷ്ടപ്പെടുന്നതിനെപ്പറ്റിയുള്ള വ്യാജവിലാപങ്ങളായിരുന്നു അവയെല്ലാം എന്നായിരുന്നു പൊതുവേയുള്ള വിലയിരുത്തൽ. ഈ സംഭവത്തോട് കൂടി പുരോഗമന പ്രസ്ഥാനത്തിൽ, മലയാളത്തിൽ അത് രൂപപ്പെടുന്നതിന് മുമ്പ് തന്നെ ഒരിക്കലും കൂട്ടിച്ചേർക്കാൻ കഴിയാത്ത ഒരു വിള്ളൽ

ഉണ്ടായിരിക്കുന്നു.' (കെ. ടി. എൻ. കോട്ടൂർ എഴുത്തും ജീവിതവും, പുറം 230, 231).

കോട്ടൂർ രചിച്ച്'സ്വപ്നങ്ങളുടെ കളിത്തൊട്ടിൽ' എന്ന ലേഖനത്തിന്റെ കയ്യെഴുത്ത് പ്രതിയിൽ അദ്ദേഹം വായിച്ച ലേഖനത്തിന്റെ ചെറിയൊരു ഭാഗം എഴുത്തുകാരൻ ഓർമ്മയിൽ നിന്നെടുത്ത് എഴുതിയിട്ടുണ്ട്.ബുക്കാറിൻ ജയിലിൽ നിന്ന് സ്റ്റാലിൻ അയച്ച കത്തുകളിലെ ഭാഗമാണത്.എന്റെ ജീവിതത്തെ എന്തുവേണമെങ്കിലും ചെയ്തോളൂ.പക്ഷേ തന്റെ രചനകളെ അപ്രത്യക്ഷമാക്കരുത് എന്ന് ബുക്കാറിൽ സ്റ്റാലിനോട് പറയുന്നു. ഒറ്റനോട്ടത്തിൽ ബന്ധിപ്പിക്കാൻ കഴിയാത്ത രണ്ട് സംഭവങ്ങളാണിത്. പക്ഷേ സൂക്ഷിച്ചു നോക്കിയാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി കോട്ടൂർ അകലാനുണ്ടായ കാരണം വ്യക്തമാകും. നോവലിലെ'പ്രതിച്ഛായകൾ' എന്ന ഭാഗത്തിലെ പ്രസ്തുത രംഗം സംവിധായകൻ ഞാനിൽ സ്വീകരിച്ചു കാണുന്നില്ല.

കോട്ടൂരിന്റെ മുറിയിലെ വിവിധങ്ങളായ കണ്ണാടികൾ പോലെ, ഒരു മുറിയെ വിവിധ കോണുകളിൽ നിന്ന് വീക്ഷിക്കുന്നതുപോല സമീപിക്കുകയാണ് രഞ്ജിത്ത് ടി.പി. രാജീവന്റെ കെ.ടി.എൻ കോട്ടൂർ എഴുത്തും ജീവിതവും എന്ന നോവലിനെ. ടി. പി.രാജീവന്റെ അഭിപ്രായത്തിൽ 'ഠസവ ഠിവവയ്ത്ത' എന്ന തന്റെ ഇംഗ്ലീഷ് കവിതയെ അടിസ്ഥാനമാക്കി ദീപാലി അഡ്വങ്കാർ കഥക് നൃത്തം തയ്യാറാക്കിയിട്ടുണ്ട്. ആ നൃത്തശില്പത്തിൽ തന്റെ വരികൾ ഉണ്ടാവില്ല, പക്ഷേ കവിതയുടെ ആത്മാവ് അതിലുണ്ടാവും എന്നും മറ്റൊരാൾ കോട്ടൂരിനെ നാടകമായിട്ടാണ് സമീപിക്കുന്നതെങ്കിൽ അത് വേറൊരുതരം റീഡിങ്ങ് ആയിരിക്കും എന്നും ടി.പി.രാജീവൻ അഭിപ്രായപ്പെടുന്നുണ്ട്.

**കഥാപാത്രങ്ങൾ സിനിമയിൽ**

ടി.പി.രാജീവന്റെ കെ.ടി.എൻ. കോട്ടൂർ എഴുത്തും ജീവിതവും എന്ന നോവലിലെ കഥാപാത്രങ്ങളെല്ലാം (ചരിത്രനേതാക്കന്മാരൊഴികെ) സാങ്കല്പികമാണ് എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ഓരോ കഥാപാത്രത്തിനും നോവലിസ്റ്റ് നൽകിയ പ്രാധാന്യമാണ് ഇതിന് കാരണം. സ്വാതന്ത്ര്യസമരകാലത്തെ അനുസ്മരിപ്പിക്കുന്ന കഥയായതിനാൽ പുരുഷ കഥാപാത്രങ്ങളെല്ലാം ചരിത്ര

ത്തോട് ഒട്ടി നിൽക്കുന്നു. അന്നത്തെ നായർ കുടുംബങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ പ്രതീകങ്ങളാണ് നോവലിലെ മിക്ക കഥാപാത്രങ്ങളും. ടി.പി.രാജീവൻ നോവലിലൂടെ കോട്ടൂരിനെ കേന്ദ്രകഥാപാത്രമാക്കുമ്പോൾ മറ്റു കഥാപാത്രങ്ങൾ കോട്ടൂരിനെ ചുറ്റിപറ്റിനിൽക്കുന്നു. മറിച്ച് സിനിമയിലാകുമ്പോൾ കോട്ടൂരിൽനിന്ന് (കഥാപാത്രത്തിൽ) അഭിനേതാവിന്റെ താരമൂല്യവും ജനപ്രിയതയും പ്രസിദ്ധിയും പ്രേക്ഷകശ്രദ്ധ വ്യതിചലിപ്പിക്കുന്നു.

**കെ.ടി.എൻ കോട്ടൂർ:**

നോവലിസ്റ്റിന്റെ കോട്ടൂർ വിധിയോട് പ്രതികരിക്കുന്ന രീതിയും ജീവിതത്തോട് പുലർത്തിയ ചില സമീപനങ്ങളും ഇടയ്ക്കെങ്കിലും 'ഖസാക്കിന്റെ ഇതിഹാസ'ത്തിനെ അനുസ്മരിപ്പിക്കും വിധം അസ്ഥിത്വവ്യഥയുടെ നിഴലാഴങ്ങളിൽ ദിക്ക് തെറ്റി അലയുന്നുണ്ട്. 'ഞാൻ' കോട്ടൂരിനെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ ഏതൊരു നായർ തറവാടിലും കണ്ടേക്കാവുന്ന വിദ്യാസമ്പന്നനായ ഒരു സവർണ്ണ കഥാപാത്രമായി ചുരുക്കിയിരിക്കുന്നു എന്ന് പറയേണ്ടി വരുന്നു. കവിയും എഴുത്തുകാരനുംരാഷ്ട്രീയക്കാരനും പ്രാസംഗികനുമായ കോട്ടൂരിനെ നോവലിലെപ്പോലെത്തന്നെ ചോരയും നീരും വികാരവുമുള്ള പച്ചമനുഷ്യനായി സിനിമയിൽ ചിത്രീകരിച്ചിട്ടുണ്ട്.

കുഞ്ഞപ്പൻ നായരുടെയും ദേവയാനിയമ്മയുടെയും മകനാണ് നാരായണൻ. ഭാര്യയുണ്ടായിട്ടും കുറത്തിക്കുഞ്ഞൂലിയെ തേടിപ്പോയ കുഞ്ഞപ്പൻ നായരുടെ ജനിതകസ്വാധീനമുള്ള മകനായിരുന്നു നാരായണൻ. അത്തരത്തിൽ കാമുകിയെ മറന്ന് ജോലിക്കാരി ജാനുവിനെ പ്രണയിക്കുന്ന നാരായണനെ സംവിധായകൻ ന്യായീകരിക്കുകയല്ല മറിച്ച് ആ ദുർബലതകൾ കൂടിയുള്ള സാധാരണ മനുഷ്യനാണ് കോട്ടൂർ എന്ന് തെളിയിക്കുകയാണ് ചെയ്യുന്നത്. മാത്രവുമല്ല അയാളുമായി ഓരോ ഘട്ടങ്ങളിൽ ചേർന്നു നിന്ന സ്ത്രീകളോട് തന്റെ മനസ്സ് വെളിപ്പെടുത്താൻ അയാൾക്ക് കഴിഞ്ഞിട്ടില്ല. നോവലിൽ സുശീലയോടും ജാനുവിനോടും വള്ളിയോടും തോന്നുന്ന പ്രണയം അല്ലെങ്കിൽ വികാരം നോവലിസ്റ്റിന്റെ മനസ്സിലുള്ളത് പോലെ പ്രതിഫലിപ്പിക്കാൻ സാധിച്ചിട്ടില്ല എന്നു പറയാം.പക്ഷേ സംവിധായകൻ അത് ഒറ്റ സംഭാഷണത്തിലൂടെ

പറഞ്ഞു തീർക്കുന്നു.'കോട്ടൂർ എല്ലാ ദുർബലതകളുമുള്ള ഒരു സാധാരണ മനുഷ്യനായിരുന്നു'. എന്നിരുന്നാലും ശരീരശാസ്ത്രപ രമായ ഒരാവശ്യമായി മാത്രം പെണ്ണിനെ കരുതുന്ന അനേകരിൽ ഒരാൾ മാത്രമായിരുന്നു കോട്ടൂരും അച്ഛൻ കുഞ്ഞപ്പൻ നായരും എന്നതും കൈപ്പേറിയ യാഥാർതഥ്യം മാത്രം. അന്നത്തെ സാമൂ ഹിക പശ്ചാത്തലം അതായിരിക്കാമെങ്കിലും സാധാരണക്കാ രുടെ/ചൂഷിതരുടെ നന്മ ലക്ഷ്യമാക്കിയുള്ള കോട്ടൂരിന്റെ പ്രവർത്ത നങ്ങളിൽ ഉയർന്ന ചിന്താതലങ്ങളിൽ ഒന്നും സാമൂഹ്യ സാമ്പ ത്തിക വ്യത്യാസങ്ങൾക്കപ്പുറമുള്ള സ്ത്രീയുടെ അധ:സ്ഥിത വർഗ്ഗ സ്ഥാനമോ ഉന്നമനമോ കടന്നുവന്നിട്ടില്ലല്ലോ എന്നത് അത്ഭുതമാ ണ്. എങ്കിലും കോട്ടൂരിന് നന്മയുടെ ഒരു രക്ഷാകവചം നിർമ്മി ക്കാൻ സംവിധായകൻ പണിപ്പെടുന്നില്ലേ എന്ന് നോവൽ വായിച്ച പ്രേക്ഷകന് തോന്നാം.

അതുപോലെത്തന്നെ ആത്മസംഘർഷങ്ങൾ നേരിടുന്ന കോട്ടൂരിന്റെ ജീവിതാവസ്ഥകൾ പ്രതിഫലിക്കുന്ന കത്തുകൾ സംവിധായകൻ സിനിമയിൽ ഉൾപ്പെടുത്തി കാണുന്നില്ല. സിനിമ യുടെ ദൃശ്യപരതയ്ക്ക് അപ്രധാനമെന്ന് തോന്നുന്നതിനാലും സിനിമ സമയബന്ധിതമായതിനാലും ഈ ശ്രമം നീതിയുക്തമാണ്.

കോട്ടൂരിന്റെ സ്വത്വാന്വേഷണത്തിന്റെ കഥയാണ് 'ഞാൻ'. എങ്കിലും നോവലിൽ കോട്ടൂരിന്റെ പല ആശയങ്ങളും അഭിപ്രായ പ്രകടനങ്ങളും സ്വഭാവരീതിയും പിന്നീട് 'സ്ക്രിസോഫ്രിനിക്' ലക്ഷണങ്ങളായി കണ്ടെത്തുകയാണ് ടി.പി. രാജീവൻ. എന്നാൽ വിശാലാക്ഷിയമ്മയുടെ മരണരംഗത്ത് മാത്രമാണ് കോട്ടൂരിൽ ഇത്തരം തോന്നലുകൾ രഞ്ജിത്ത് കൊണ്ടുവരുന്നത്. മരിച്ചുപോയ കുഞ്ഞപ്പൻ നായരേയും ദേവയാനിയമ്മയേയും മാന സികസംഘർഷം അനുഭവിക്കുന്ന കോട്ടൂർ കാണുന്നു. വല്യമ്മ യുടെ മരണശേഷം ലക്ഷ്മിക്കുട്ടിയോടുള്ള കോട്ടൂരിന്റെ ഭ്രാന്ത് കലർന്ന പെരുമാറ്റവും അയാളെ അയാളല്ലാതാക്കുന്ന മതിഭ്രമവും ഒരു കിടപ്പറരംഗത്ത് അൽപ്പനേരത്തേക്കെങ്കിലും കൊണ്ടുവരിക വഴി സംവിധായകൻ സൂചിപ്പിക്കുന്നുണ്ട്.

**കുഞ്ഞപ്പൻനായരും ദേവയാനിയമ്മയും**

കുഞ്ഞപ്പൻനായരേയും ദേവയാനിയമ്മയേയും കഥ പറച്ചി ലിനുള്ള ഉപാധിയായിട്ടാണ് രഞ്ജിത്ത് കണ്ടതെന്ന് പറയാം. തികഞ്ഞ ഗാന്ധിയനായ കുഞ്ഞപ്പൻനായർ കള്ള് ഷാപ്പ് പൂട്ടുന്നതി നായി സത്യാഗ്രഹം ഇരിക്കാൻ പോകുന്നിടത്താണ് ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. നോവലിലില്ലാത്ത ഈ രംഗം കുഞ്ഞപ്പൻ നായരുടെ ഗാന്ധിമാർഗ്ഗത്തിന് ഉദാഹരണമാണെങ്കിൽ കൂടിയും സംവിധായകന്റെ കീഴാളവിരുദ്ധയിലേക്ക് വിരൽചൂണ്ടുന്നതല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കുഞ്ഞപ്പൻ നായരുടെ ഭാര്യ യായ ദേവയാനിയമ്മ ഒരു സാധു സ്ത്രീയായിരുന്നു. പക്ഷേ നാരാ യണനെ പ്രസവിച്ച അന്ന് രാത്രി അതൊക്കെ മാറി. രാവിലെ മുതൽ പ്രസവവേദന ഉണ്ടായിട്ടും വൈകുന്നേരമായിട്ടും പ്രസവം നടന്നില്ല. വേദനയും നിസ്സാഹായതയും കാരണം പേറ്റിച്ചിയോട് എന്ന മട്ടിൽ കുഞ്ഞപ്പൻ നായരോടായി പറയുന്നു. 'വലിച്ചെടുക്ക് പൊലിയാട്ച്യേ ആ തലമുറിയന്റെ മോനെ,കേൾക്കട്ടെന്നെ, ഈ പരുവത്തിലാക്കി, കണ്ടില്ലേ ആ പെറുക്കി മിണ്ടാതിരിക്കു ന്നു.വിളിക്ക് ആ നായിന്റെ മോനെയും, മണപ്പിച്ചു മണപ്പിച്ച് വന്നാൽ മാത്രം പോരല്ലോ, ഓനല്ലേ ഇതെല്ലാം വരുത്തി വെച്ചത്' (പുറം 24, 25). ദേഹത്ത് ബാധ കൂടിയത് പോലുള്ള ഈ വാക്കു കൾക്ക് ശേഷം ദേവയാനിയമ്മയടുടെ പ്രസവം നടന്നു. പക്ഷേ പ്രസവവേദനയിൽ ദേവയാനിയമ്മ വിളിച്ചു പറഞ്ഞ വാക്കുകൾ അവർക്കിടയിൽ പുതിയൊരു വിടവ് സൃഷ്ടിച്ചു. രണ്ടുപേരും പര സ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നെ ങ്കിലും ആ വിടവ് അവർക്കിടയിൽ അങ്ങനെ തന്നെ കിടന്നു. സിനി മയിൽ ഉൾപ്പെടുത്താത്ത ഈ രംഗം ഒരു പക്ഷേ സിനിമയുടെ ഗൗരവഭാവത്തെ കോട്ടം വരുത്തുമെന്നോ ദേവയാനിയമ്മയ്ക്ക് നൽകിയ സാത്വികഭാവം കളഞ്ഞു കുളിക്കുമെന്നോ ഒക്കെ സംവി ധായകൻ കരുതിയിരിക്കാം.

**വിശാലാക്ഷിയമ്മ, ജാനു**

അനേകം പ്രാധാന്യമേറിയ സ്ത്രീ കഥാപാത്രങ്ങൾ നിറഞ്ഞ സിനിമയാണ് 'ഞാൻ'. അതൊരു വലിയ വ്യത്യാസ മാണ്.കാരണം പറയപ്പെടുന്ന കഥ 1930 - 1940കളിൽ നടന്ന സ്വാത ന്ത്ര്യസമരത്തിന്റെ പശ്ചാത്തലത്തിൽ കമ്മ്യൂണിസത്തിന്റെ പച്ചപിടി ക്കലും മറ്റ്

സാമൂഹിക മാറ്റങ്ങളുമാണെങ്കിലും യഥാർത്ഥത്തിലുള്ള അന്വേഷണം നടക്കുന്നത് ഈ പുറന്തോടിനുള്ളിൽ നടക്കുന്ന വ്യക്തിസംഘർഷങ്ങളെക്കുറിച്ചാണ്. സമൂഹത്തിന്റെ ഈ അടരിൽ സ്വാഭാവികമായും നിറഞ്ഞു നിൽക്കുന്നത് സ്ത്രീകൾ തന്നെയാണല്ലോ. അത് അന്നത്തെപ്പോലെ ഇന്നും പ്രസക്തമായി തുടരുന്നു. അമ്മ, വല്യമ്മ, പണിക്കാരികൾ, കുറത്തി, കാമുകി, തമിഴത്തി, പേറ്റിച്ചി എന്നിങ്ങനെ വലിയൊരു സംഘം സ്ത്രീകൾ ഈ ബാഹ്യമായ സാമൂഹ്യ ഇടപെടലുകളുടെയിടയിൽ തങ്ങളുടെ ലോകങ്ങളിൽ വസിക്കുകയും ഒരു അന്തർധാരയായി പ്രവർത്തിക്കുകയും ചെയ്യുന്നു.

വിശാലാക്ഷിയമ്മ നാരായണന്റെ അച്ഛന്റെ മൂത്ത സഹോദരിയാണ്. സ്നേഹവും വാത്സല്യവും നിറഞ്ഞ വല്യമ്മ.കൊയിലോത്തു താഴെ തറവാടിന്റെ അഭിമാനത്തിനുവേണ്ടി ഒരിക്കൽ മാത്രമാണ് അവർ ക്രൂരയാകുന്നത്. അത് ജാനുവിന്റെ ഗർഭം അലസിപ്പിച്ചപ്പോഴാണ്.കോട്ടൂരിനുള്ളിൽ കടുത്ത വിഷമമുണ്ടാക്കിയ ഈ സംഭവത്തോട് കോട്ടൂർ ഒന്നും തന്നെ വല്യമ്മയോട് ചോദിക്കുന്നില്ല. നോവലിൽവിശാലാക്ഷിയമ്മയുടെ മരണം അവർ മുൻകൂട്ടി കണ്ടതുപോലെ നാരായണനോട് രണ്ടു ദിവസത്തേക്ക് പുറത്തു പോകരുത് എന്നു പറയുന്നു. പക്ഷേ 'ഞാനി'ൽ നാരായണൻ തന്നെ വിശാലാക്ഷിയമ്മയുടെ മരണകാരണമായി മാറുന്നു. ഞാനിൽ കോട്ടൂർ വിശാലാക്ഷിയമ്മയോട് പറയുന്നു: 'ഇതിനകത്തേക്ക് വെളിച്ചം കടന്നു വരാതിരിക്കാൻ കാവൽ നിൽക്കുകയാണ് നിങ്ങൾ കാലങ്ങളായി ചെയ്യുന്നത്. കുളിമുറിയുടെ നിലത്ത് ഒരിക്കലും മായാത്ത ചോരപ്പാടുകൾ കാണാതിരിക്കാൻ നടിക്കുന്നില്ലേ വല്യമ്മ, എത്രകാലം തുടരാനാവുമത്?'. ജാനുവിനോട് വല്യമ്മ കാട്ടിയ അനീതിയോടുള്ള പ്രതികരണമായിരുന്നു അത്. നോവലിസ്റ്റ് സ്വീകരിക്കാത്ത ഒരു രീതി സംവിധായകൻ സ്വീകരിച്ചു കാണുന്നത് പ്രശംസനീയാർഹമാവുന്നത് ഞാനിൽ വിശാലാക്ഷിയമ്മയുടെ മരണശേഷം നാരായണൻ മുറിയിൽ വല്യമ്മയെ കാണുമ്പോഴാണ്. വിശാലാക്ഷിയമ്മ പറയുന്നു: 'നിന്റെ വാക്കുകൾ എന്നെ കൊന്നു എന്ന വ്യസനം നിനക്ക് വേണ്ട. മരണത്തിലൂടെ സ്വതന്ത്രമാവുകയാണ് ഞാൻ. നീ പറഞ്ഞപോലെ ഈ വീട്ടിലെ ഇരുട്ടിന് കാവൽ നിൽക്കുകയായിരുന്നില്ല ഞാൻ. ആ ഇരുട്ടിൽ

അടക്കം ചെയ്യപ്പെട്ട അകത്തളത്തിലെത്തിയ അമ്മമാരെ അറിഞ്ഞി ട്ടുണ്ടോ നിങ്ങൾ മക്കൾ. അവരുടെ കണ്ണുനീർ കണ്ടിട്ടുേ-ാ? അവ രുടെ നിലവിളികൾ വെളിച്ചം കടന്നുചെല്ലുന്ന പൂമുഖങ്ങളെ ഒരി ക്കലും തേടി ചെന്നിട്ടില്ല'.

കൊയിലോത്തു താഴെ തറവാട്ടിലെ ജോലിക്കാരിയായി രുന്നു ജാനു. നാരായണനുമായുള്ള ബന്ധത്തിൽ ഗർഭിണിയായ ജാനുവിന്റെ ഗർഭം തറവാട്ടുകാർ അലസിപ്പിക്കുകയും, വീട് വിട്ടിറ ങ്ങിയ അവൾ പട്ടാണിപ്പാറയിലേക്ക് പോവുകയും ചെയ്തു. നാരാ യണനോടൊപ്പമുള്ള രാത്രിയിൽ അവൾ തനിക്ക് പുടവ തരില്ലേ എന്ന് ചോദിക്കുന്നു. 'ഇതാ തന്നിരിക്കുന്നു' എന്ന് നാരായണൻ മറുപടി പറയുന്നു. ഈ രംഗം നാടകാവിഷ്കാരത്തിനായി അവ ലോകനം ചെയ്യുമ്പോൾ ആസാദ് നൽകുന്ന മറുപടികൾ സംവിധാ യകന്റെ സ്ത്രീവിരുദ്ധത തലപൊക്കുന്നതിന് ഉദാഹരണമാണ്. 'അത് പ്രകടമായ സ്ത്രീ വിരുദ്ധതയാണെന്ന്' കൂട്ടത്തിലുള്ളവരും പറയുന്നു. 'ഇന്റിമേറ്റ് സീനുകളിൽ ഈ വാക്കുകൾക്കാ കളിവാക്കു കളുടെ ബലമേയുള്ളൂ' എന്ന് ആസാദ് പറയുന്നു. തറവാട്ടുകാർ ജാനുവിനോട് ചെയ്തതിനു പകരമായി ജാനുവിന് നോവലിസ്റ്റ് ഒരു അവസരം നൽകിയിട്ടുണ്ട്. നാരായണന്റെ കല്യാണം അറിയി ക്കാൻ നകുലന്റെ വീട്ടിലെത്തിയ കുഞ്ഞിരാമനോട് ജാനു ചോദി ക്കുന്നു: 'അതെന്താ കല്യാണം വിളിക്കാൻ നാരായണൻ നായർ വരാതിരുന്നത്?'. കുഞ്ഞിക്കമ്മൊള് പഴയതുപോലെ പുറത്തേ ക്കൊന്നും പോകാറില്ല എന്ന് കുഞ്ഞിരാമൻ മറുപടി നൽകുന്നു. 'പാടിക്കുന്നിലേക്കും പോകാറില്ലേ?'എന്ന പരിഹാസചിരിയിലുള്ള ചോദ്യത്തിന് പിന്നാലെ അവൾ അടുത്തതും ചോദിച്ചു. 'കല്യാണ ത്തിന് ഓളെ മാത്രമേ വിളിക്കാൻ പറഞ്ഞിട്ടുള്ളൂ? ഞാൻ വരണ്ടേ?' വർഷങ്ങൾക്കപ്പുറം നീണ്ടുനിൽക്കുന്ന പരിഹാസച്ചിരിയെന്ന് എഴുത്തുകാരൻ അതിനെ വിശേഷിപ്പിക്കുന്നു. കൊയിലോത്തു താഴെയെത്തി കുഞ്ഞിരാമൻ വിശാലാക്ഷിയമ്മയോട് കാര്യങ്ങൾ വിശദീകരിച്ചപ്പോൾ അവർ മറുപടി പറയുന്നു. 'അഹങ്കാരമല്ല കുഞ്ഞിരാമാ, അഭിമാനമാ, പിന്നെ ഓർമ്മ ചിലപ്പോൾ അത് ഇല്ലാ

ത്താതാ നല്ലത്, പ്രത്യേകിച്ച് പെണ്ണുങ്ങൾക്ക്'. സിനിമയിൽ സംവിധായകൻ ജാനുവിന് ഇത്തരത്തിൽ ഒരു അവസരം നൽകിയിട്ടില്ല. മറിച്ച് നകുലൻ ജയിലിലാണെന്ന് അറിഞ്ഞ് നകുലന്റെ വീട്ടിലേക്ക് എത്തുന്ന നാരായണന് മുമ്പിൽ ജാനു പഴയ ജാനുവായി വിനീതയാകുന്നു. നോവലിസ്റ്റ് അവതരിപ്പിക്കുന്ന മറ്റൊരു രംഗത്തിൽ നാരായണൻ മുമ്പിൽ ജാനു പുതിയ സ്ത്രീയായിരുന്നു. അവൾക്ക് നാരായണനെ പരിചയമില്ല, അവൾക്ക് ആ തറവാടുമായും ബന്ധമില്ല എന്ന് തോന്നിപ്പോകും പെരുമാറ്റം കണ്ടാൽ. ഇത്തരത്തിൽ അപകവമെന്ന് തോന്നിപ്പോകുന്ന ചലച്ചിത്രാവിഷ്കാരത്തിലൂടെ മിക്ക സിനിമകളിലെയും 'വേലക്കാരി ജാനുവായി അവൾ ഒതുങ്ങിപോകുന്നു. ഇതിലൂടെ സിനിമയിൽ ജാനു ഒരു ക്ലീഷേ കഥാപാത്രമായി മാറുന്നു.

കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിലും സ്വത്വാവിഷ്കരണത്തിലും സംവിധായകൻ സ്വീകരിച്ച വ്യത്യസ്ത അഭിരുചികൾ നോവലിനെ സിനിമയിൽ നിന്ന് കൂടുതൽ അകറ്റുന്നതായി കാണാം. കോട്ടൂരിന് സ്ത്രീകളോടുള്ള ചില സമീപനങ്ങൾ ന്യായീകരിച്ച് നന്മയുടെ രക്ഷാകവചം നിർമ്മിക്കുന്നുണ്ട് സംവിധായകൻ. ദുൽഖർ സൽമാൻ എന്ന താരമൂല്യത്തിന് മുമ്പിൽ ഞാൻ എന്ന സിനിമ പുരുഷകേന്ദ്രീകൃതമായി ഒതുങ്ങി പോകുന്നുണ്ട്. പക്ഷേ ആദ്യകാല രഞ്ജിത്ത് സിനിമകളെ അപേക്ഷിച്ച് നോക്കുമ്പോൾ ഈ പരിശ്രമം അഭിനന്ദനാർഹമാണ്. എങ്കിലും ടി.പി.രാജീവന്റെ മറ്റൊരു നോവലായ 'പാലേരി മാണിക്യം: ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ'യ്ക്ക് രഞ്ജിത്ത് നൽകിയ ചലച്ചിത്ര ഭാഷ്യത്തിന് ലഭിച്ച ജനപ്രീതി 'ഞാനി'ന് ലഭിക്കാതെ പോയി.

## സാഹയകഗ്രന്ഥങ്ങൾ


1. ദിവാകരൻ ആർ.വി.എം (ഡോ), കഥയും തിരക്കഥയും, ഒലിവ് പബ്ലിക്കേഷൻ, കോട്ടയം, 2011.
2. ദിവാകരൻ ആർ.വി.എം (ഡോ), മലയാള തിരക്കഥയും വളർച്ചയും വർത്തമാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008.
3. രാജീവൻ.ടി.പി, കെ.ടി.എൻ കോട്ടൂർ എഴുത്തും ജീവിത വും, കറന്റ് ബുക്സ്, തൃശ്ശൂർ, 2014.


## ആനുകാലികങ്ങൾ


1. ചന്ദ്രൻ പി.വി (എഡിറ്റർ), പുസ്തകക്കുറിപ്പുകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂൺ 14 -20, എം.എം.പ്രസ്, കോഴിക്കോട്, 2015.
2. രാജീവൻ ടി.പി, ഞാൻ തൊട്ടറിഞ്ഞ ദൈവങ്ങൾ, പി.വി. ചന്ദ്രൻ (എഡിറ്റർ),മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂലൈ 19 -25, എം.എം.പ്രസ്, കോഴിക്കോട്, 2015.


## ചലച്ചിത്രം


1. ഞാൻ, രഞ്ജിത്ത്, ഗോൾഡ് കോയിൻ മോഷൻ പിക്ചേഴ്സ്, 2014.